# തിരുഹൃദയ നാദം

2024 നവംബർ | ലക്കം 121 | പുസ്തകം 11



തിരുഹൃദയ തീർത്ഥാടനകേന്ദ്രം, പെരിഞ്ചേരി, ഫോൺ : 0487 2962423



## 13 –ാം ചരമ വാർഷികം

03.11.2024

തേറാട്ടിൽ കല്ലൂക്കാരൻ അന്തോണി

# ഫ്രാൻസീസ് (പൊറിഞ്ചു)

ജനനം 02.06.1956 മരണം 03.11.2011

സെന്റ് മദർ തെരേസ യൂണിറ്റ്






# തിരുഹൃദയനാദം


**പാരിഷ് ബുള്ളറ്റിൻ**

പുസ്തകം 11 | ലക്കം 121 | നവംബർ 2024

പെരിഞ്ചേരി, തൃശ്ശൂർ - 680306, ഫോൺ: 0487 2962423

Website: sacredheartshrineperinchery.com Email: perincherysacredheart@gmail.com



## പത്രാധിപസമിതി

**ചീഫ് എഡിറ്റർ**
ഫാ. പോൾ താണിക്കൽ
Mob : 9495041382

**മാനേജിങ്ങ്എഡിറ്റർ**
ഫാ. ജിന്റോ ചിറമ്മൽ CMI
Mob : 8248363161

**എക്സിക്യൂട്ടീവ് എഡിറ്റർ**
പോൾ കാട്ടൂക്കാരൻ
Mob : 9495130756

**എഡിറ്റർ**
പ്രിൻസൺ പുത്തിരി
Mob : 8547258347

**ട്രഷറർ**
ഷാജു കിടങ്ങൻ
Mob : 9061955814

**അഡ്വർടൈസ്മെന്റ്**
ജോമോൻ തട്ടിൽ
Mob : 9495528715

**ട്രസ്റ്റി**
ഫ്രാൻസീസ് മുത്തിപീടിക
Mob : 9544068569

**കമ്മിറ്റി അംഗങ്ങൾ**
റവ. സി. ഫെമി FCC
Ph: 0487 2342027
റവ. സി. ടിസ്സ ജീസ് FCC
Ph: 0487 2342027
ജോസ് മുത്തിപീടിക
Mob : 9946006917
ജോക്സൺ കുറ്റിക്കാട്ട്
Mob : 8113006409
ബെൻസി റോയ്
Mob : 807869536


SCAN HERE

## ഇതളുകൾ വിരുയുമ്പോൾ


| | |
|---|---|
| ഓർമ്മിക്കാൻ ആചരിക്കാൻ | 4 |
| പത്രാധിപക്കുറിപ്പ് | 5 |
| ഇടയസ്വരം | 6 |
| കൊച്ചച്ചൻ സംസാരിക്കുന്നു | 8 |
| തിരുഹൃദയനാഥന് നന്ദി | 10 |
| സാത്താനെ സൂക്ഷിക്കുക | 11 |
| അന്ത്യനിദ്രയിലാത്മാവിന്റെ തേങ്ങൽ | 14 |
| നവംബറിന്റെ ഓർമ്മ | 16 |
| ആരോഗ്യവേദി | 17 |
| അറ്റുപോകുന്ന അയൽബന്ധങ്ങൾ | 19 |
| മാനാസാന്തരം | 21 |
| തനിയെ പാടുന്നവർ | 22 |
| വിശ്വാസത്തെ ബലഹീനമാക്കുന്ന...... | 23 |
| സ്വയം ശുദ്ധീകരിക്കാനും...... | 25 |
| കിഡ്സ് കോർണർ | 47 |
| സഭാ വാർത്തകൾ | 48 |
| ഇടവക വാർത്തകൾ | 50 |
| സംഘടന വാർത്തകൾ | 57 |
| വിശുദ്ധരുടെ പാതയിൽ | 63 |
| നവാഗതർ, ഇടവക ചേർന്നവർ..... | 64 |
| അടിക്കുറിപ്പ് | 65 |
| നിറം കൊടുക്കൽ | 67 |
| തിരുഹൃദയനാദം ക്വിസ് | 69 |
| ബൈബിൾ കലണ്ടർ | 70 |


**വി. കുർബാനസമയം**
ഞായർ: 5.30 am, 7.00 am, 10.15 am, 6.00 pm
മാസാദ്യവെള്ളികളിലും മറ്റ്
വെള്ളിയാഴ്ചകളിലും:
5.45 am, 7.15 am, 10.00 am, 6.00 pm
മറ്റു ദിവസങ്ങളിൽ: 6.00 am, 7.15 am


FOR PRIVATE CIRCULATION ONLY



# ഓർമ്മിക്കാൻ ആചരിക്കാൻ

**നവംബർ 2024**

| | | |
|---|---|---|
| 01 | വെള്ളി | സകലവിശുദ്ധരുടെയും തിരുനാൾ, മാസാദ്യവെള്ളി തിരുഹൃദയ തിരുനാൾ, പ്രാർത്ഥനാ ശുശ്രൂഷകൾ, തിരുഹൃദയ ഊട്ട് |
| 02 | ശനി | സകല മരിച്ചവരുടെയും ഓർമ |
| 03 | ഞായർ | പള്ളിക്കൂദാശക്കാലം |
| 05 | ചൊവ്വ | വി. സഖറിയാ - വി. ഏലീശ്വാ |
| 21 | വ്യാഴം | വി. തോമാശ്ലീഹായുടെ ഭാരത പ്രവേശനം |
| 22 | വെള്ളി | വി. സിസിലി |
| 24 | ഞായർ | മിശിഹായുടെ രാജത്വ തിരുനാൾ |
| 30 | ശനി | വി. അന്ത്രയോസ് ശ്ലീഹാ |

## മാസാദ്യവെള്ളി തിരുഹൃദയ ഊട്ടുതിരുനാൾ

2024 നവംബർ മാസത്തെ മാസാദ്യവെള്ളി തിരുഹൃദയ ഊട്ടു തിരുനാൾ 1-ാം തിയ്യതി ആചരിക്കുന്നു. രാവിലെ 5.45 നും 7.15 നും വൈകീട്ട് 6.00 നും പാട്ടുകുർബ്ബാന, ലദീഞ്ഞ്, തിരുഹൃദയ നൊവേന, 10.00 ന് ആഘോഷമായ പാട്ടുകുർബ്ബാന, തിരുഹൃദയസന്ദേശം, ലദീഞ്ഞ്, തിരുഹൃദയ നൊവേന, ആരാധന, പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷകൾ, ദിവ്യകാരുണ്യപ്രദക്ഷിണം, പരിശുദ്ധ കുർബാനയുടെ ആശീർവ്വാദം, കൈവെപ്പ് ശുശ്രൂഷ, തുടർന്ന് സൗഖ്യദായക തിരുഹൃദയ ഊട്ട്. ശുശ്രൂഷകൾക്ക് **ഫാ. ജെയ്സൻ കാഞ്ഞിരംപാറയിൽ MCBS** മുഖ്യ കാർമ്മികത്വം വഹിക്കും.

2024 നവംബർ മാസം തിരുനാൾ ഏറ്റെടുത്ത് നടത്തുന്നത്

**ഡോ. ജിൽഷോ ജോർജ്ജ്, ആലുക്ക, കുർക്കഞ്ചേരി**

കുമ്പസാരത്തിനും കൗൺസിലിങ്ങിനും പ്രത്യേക സൗകര്യം ഉണ്ടായിരിക്കും.

**തിരുഹൃദയസന്നിധിയിലേക്ക് ഏവർക്കും സ്വാഗതം !!!**

കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. (മത്താ. 1: 22)




# നവംബർ ഓർമ്മകൾ........

നവംബർ മാസത്തിലേക്ക് ക്രൈസ്തവർ പ്രവേശിക്കുന്നത് സകല വിശുദ്ധരേയും സ്മരിച്ചുകൊണ്ടാണ്. അവരുടെ മാദ്ധ്യസ്ഥത്തോടെ മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയുടെ മാസമായി ആചരിക്കുവാൻ സഭ ആഹ്വാനം ചെയ്യുന്നു. മരണത്തെക്കുറിച്ച് ചിന്തിക്കുവാനും മരിച്ചവരെ അനുസ്മരിക്കുവാനും ദാനധർമ്മം, ഉപവാസം എന്നിവ അനുഷ്ഠിച്ച് ദിവ്യബലിയർപ്പിച്ച് അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും നവംബർ മാസം പ്രത്യേകം നമുക്ക് സാധിക്കട്ടെ.

മരണമെന്ന യാഥാർത്ഥ്യം നമ്മെ എപ്പോഴും നയിക്കേണ്ടത് നിത്യജീവനിലേക്കാണ്. ജനിച്ചവന് മരണം നിശ്ചയമാണ്. മരണം നിത്യതയിലേക്കുള്ള ജനനമാണ്. അതുകൊണ്ടാണ് വിശുദ്ധരുടെ മരണദിനം തിരുനാളായി ആഘോഷിക്കുന്നത്. ദൈവം മനുഷ്യനെ സൃഷ്ടിച്ചത് അനശ്വരനായിരിക്കാനാണ്. തന്റെ അനന്തതയിൽ പങ്കുകൊള്ളാൻ സൃഷ്ടിച്ചു. (ജ്ഞാനം 2:23). എന്നാൽ ആദ്യ മനുഷ്യന്റെ പാപം മൂലം മാനവ വംശം മരണത്തിനധീനമായി. ദൈവസ്നേഹം അവഗണിച്ചും ദൈവം നൽകിയ സ്വാതന്ത്ര്യം ദുരുപയോഗപ്പെടുത്തിയും ജീവിച്ച് പാപത്തിനടിമയായി. പാപത്തിന്റെ വേതനമായി മരണം മനുഷ്യന് സ്വന്തമായി തീർന്നു. മനുഷ്യന് നിശ്ചയമായ മരണത്തെ, അംഗീകരിക്കാനുള്ള വിമുഖത എല്ലാവരിലും പ്രകടമാണ്. ഈ ലോകജീവിതത്തിന്റെ ആകുലതകളിൽ നിന്നും കഷ്ടപ്പാടുകളിൽനിന്നും രക്ഷപ്പെടാനുള്ള മാർഗ്ഗമായി മാധ്യമങ്ങളിലൂടെ മരണമെന്ന യാഥാർത്ഥ്യത്തെ വെളിപ്പെടുത്തുന്നു. പെരുകുന്ന ആത്മഹത്യകളും ഗർഭഛിദ്രങ്ങളും കൊലപാതകങ്ങളും അപകടമരണങ്ങളും ലാഘവബുദ്ധിയോടെ മാധ്യമങ്ങളിൽ ചിത്രീകരിക്കപ്പെടുക വഴി മനുഷ്യന് വേണ്ടത്ര ആദരവ് ലഭിക്കുന്നുണ്ടോയെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ജീവൻ നിലനിർത്താനാവശ്യമായ സ്വാതന്ത്ര്യംപോലെ തന്നെ ജീവൻ അവസാനിപ്പിക്കാനുള്ള സ്വാതന്ത്ര്യം കൂടി വേണമെന്ന അവകാശവാദം ഉയർന്നുവരുന്ന ഈ കാലഘട്ടത്തിൽ എന്റെ ജീവൻ എന്റെ സ്വന്തമല്ല അത് 'ദൈവത്തിന്റെ ദാനമാണ്' എന്ന് മനസ്സിലാക്കുവാൻ നമുക്ക് സാധിക്കട്ടെ. ദയാവധം, ഗർഭഛിദ്രം തുടങ്ങിയ ജീവനുനേരെയുള്ള പൈശാചിക ചിന്തകൾക്കും പ്രവൃത്തികൾക്കുമെതിരെ ശബ്ദമുയർത്താൻ ഏവർക്കും കടമയുണ്ടെന്ന് ഓർക്കാം. ജീവന്റെ ദാതാവിന് വിധേയപ്പെട്ടുകൊണ്ട് മരണത്തിൽ ജീവൻ കണ്ടെത്താം. മരണമെന്ന യാഥാർത്ഥ്യം നമ്മെ നിത്യതയിലേക്ക് നയിക്കട്ടെ. ജീവന്റെയും മരണത്തിന്റെയും മേൽ അധികാരമുള്ള രാജാധിരാജനായ ക്രിസ്തുരാജൻ, ജീവന്റെ സംരക്ഷണത്തിനും പരിപോഷണത്തിനുമായി എന്നെന്നും നിലകൊള്ളാൻ നമ്മെ ശക്തിപ്പെടുത്തട്ടെ.

**പത്രാധിപസമിതി**

## ഇടയസ്വരം



സ്നേഹിതരേ,

മരിച്ചവരെ ഓർക്കുന്ന മാസമാണ് നവംബർ മാസം. എല്ലാവരുടെ ഭവനങ്ങളിലും മുതിർവരുടെ മരണങ്ങൾ ഉണ്ടായിട്ടുള്ളതാണ്. പുതിയ തായി പണിത വീടുകളിൽ വച്ച് ചിലപ്പോൾ നടന്നീട്ടില്ലായിരിക്കാം. എന്നാൽ പൂർവ്വികർ മരണമടഞ്ഞിട്ടുള്ളവരാണ് എല്ലാവരും. ജനിച്ചുകഴിഞ്ഞാൽ മരണം നിശ്ചയമാണ്.

വരമൊന്നേ തരാനുള്ളൂ
നരനാമെനിക്കു നീ
വരുമെന്നെന്നറിഞ്ഞില്ല
മരണം മമ നിശ്ചയം

എന്നാണെന്നു മാത്രമെ, എവിടെ വച്ചാണെന്നു മാത്രമെ അറിയാത്തതുള്ളൂ. എന്നാൽ നിശ്ചയമായ കാര്യമാണെന്നറിഞ്ഞ് ഒരുങ്ങി ജീവിക്കുന്നവനാണ് നീതിമാൻ.

ഉൽപത്തി 5:24 ൽ പറയുന്നു, 'ഹേനോക്ക് ദൈവത്തിന് പ്രിയപ്പെട്ടവനായി ജീവിച്ചു. പിന്നെ അവനെ കണ്ടില്ല. ദൈവം അവനെ എടുത്തു'. നല്ലവരുടെ മരണം ദൈവം എടുക്കപ്പെടുന്ന അവസ്ഥയാണ്. കാരണം ദൈവം അവർക്ക് പ്രിയപ്പെട്ടതായിരുന്നു, അവർ ദൈവത്തിനും പ്രിയപ്പെട്ടതായിരുന്നു. ലൂക്ക 23: 47 ൽ നാം വായിക്കുന്നു. യേശുവിന്റെ മരണം കണ്ടിട്ട് ശതാധിപൻ പറയുന്നു. 'സത്യമായും ഇവൻ നീതിമാനായിരുന്നു. മരണത്തിന് ഒരളവുകോലുണ്ട്. ഭാഗ്യപ്പെട്ട മരണം, മരുമക്കൾക്ക്, അയൽപക്കക്കാർക്ക്, ആവശ്യങ്ങളിൽ ഞെരുങ്ങുന്നവർക്ക്, പ്രിയപ്പെട്ടവനായി മരിക്കാൻ സാധിക്കണം. മക്കളെയെല്ലാം വഴിതെറ്റാതെ ജീവിക്കാൻ പഠിപ്പിക്കുന്നവനാകണം. മക്കളുടെ



പ്രാർത്ഥനകളുടെ മധ്യത്തിലിരുന്ന് മരിക്കാൻ, ശാന്തമായി മരിക്കാൻ സാധിക്കണം. ലാസറിന്റെ മരണത്തിൽ കണ്ണീർ പൊഴിച്ച് ദുഃഖത്തിൽ പങ്കു ചേരുന്ന ഈശോ നമ്മുടെ ദുഃഖങ്ങളിലും ആശ്വസിപ്പിക്കാനുണ്ടാകും. ആ യേശു സാന്നിധ്യം നമുക്ക് പ്രത്യാശ നൽകുന്നതും, പ്രത്യാശയാകുന്ന ഉയിർപ്പിലേക്ക് നയിക്കുന്നതുമാണ്.

ഈ നവംബർ മാസത്തിൽ ഈ പ്രത്യാശ സ്വന്തമാക്കികൊണ്ട് നമ്മുടെ പൂർവ്വീകരെ ഓർത്തുപ്രാർത്ഥിക്കാനും ശുദ്ധീകരണാത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കണം. നമ്മുടെ മരണം കണ്ട് ഒരുക്കമുള്ള ഒരു ജീവിതം നമുക്ക് സാധിക്കട്ടെ.

വികാരിയച്ചൻ

## വലിയ ഇടയന്റെ ശബ്ദം



**ഐക്യം സംജാതമാകുന്നതിന് ദൈവത്തെ കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിക്കുക:**
***ഫ്രാൻസീസ് പാപ്പ***

ആത്മാവ് മനുഷ്യശരീരത്തിന് എന്തായിരിക്കുന്നുവോ, അതുപോലെയാണ് പരിശുദ്ധാത്മാവ് സഭയാകുന്ന ക്രിസ്തുഗാത്രത്തിന്. ഈ സാദൃശ്യം സുപ്രധാനമായ ഒരുകാര്യം മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്നു. പരിശുദ്ധാത്മാവ് പുറത്ത് നിന്ന് സഭയുടെ ഐക്യം കൊണ്ടുവരുന്നില്ല. ഐക്യപ്പെടാൻ നമ്മോടു കൽപ്പിക്കുന്നതിൽ ആത്മാവ് ഒരുങ്ങി നിൽക്കുന്നില്ല അവൻ തന്നെയാണ് ഐക്യത്തിന്റെ ഉടമ്പടി അവനാണ് സഭയുടെ ഐക്യമെന്ന് പാപ്പ ഓർമ്മിപ്പിച്ചും സഭയുടെ ഐക്യം എന്നത് ആളുകൾ തമ്മിലുള്ള ഐക്യമാണ്. അത് ഒരു മേശയിലല്ല, മറിച്ച് ജീവിതത്തിലാണ് സാക്ഷാത്ക്കരിക്കപ്പെടുകയെന്ന് പാപ്പ വ്യക്തമാക്കി.

## കൊച്ചച്ചൻ സംസാരിക്കുന്നു



# ദാഹമകറ്റാം

ഈശോയുടെ തിരുഹൃദയത്തിന്റെ കൂട്ടുകാരെ, തിരുഹൃദയത്തിന്റെ പ്രേഷിത എന്ന് അറിയപ്പെടുന്ന വി. മാർഗരറ്റ് മേരി അലക്കോക്ക് നമുക്ക് ഏറെ സുപരിചിതയായ വിശുദ്ധയാണ്. ഒക്ടോബർ 16ന് വിശുദ്ധയുടെ തിരുനാൾ നമ്മൾ ആഘോഷിച്ചു. എന്നാൽ തിരുഹൃദയത്തിന്റെ പ്രഥമ പ്രേഷിത എന്ന് അറിയപ്പെടുന്ന വിശുദ്ധയെ കുറിച്ച് കേട്ടിട്ടുണ്ടോ? അത് തിരുസഭയിലെ മഹാവിശുദ്ധ എന്ന് അറിയപ്പെടുന്ന വിശുദ്ധ ജെർത്രൂദ് ആണ്. നവംബർ 16ന് വിശുദ്ധയുടെ തിരുനാൾ ആഘോഷിക്കുന്നു. ഒരിക്കൽ യോഹന്നാൻ ശ്ലീഹ വിശുദ്ധ ജെർത്രൂദിന് പ്രത്യക്ഷപ്പെട്ട് അവളെയും കൂട്ടി ഈശോയുടെ സന്നിധിയിലേക്ക് പോയി. ആ സമയത്ത് അവൾ ശ്ലീഹായോട് ചോദിച്ചു: ഈശോയുടെ തിരുഹൃദയത്തെപ്പറ്റി എന്തുകൊണ്ടാണ് സുവിശേഷത്തിൽ എഴുതാത്തത്? വിശ്വാസം ക്ഷയിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിനുവേണ്ടി ഈശോയുടെ ദിവ്യഹൃദയത്തിന്റെ മധുരസ്പന്ദനങ്ങൾ മാറ്റിവയ്ക്കപ്പെട്ടിരിക്കുന്നു എന്ന് ശ്ലീഹാ മറുപടി പറഞ്ഞു. ഈശോയുടെ മരണസമയത്ത് കുരിശിൽ കിടന്നുകൊണ്ട് അവിടുന്ന് പറയുന്നുണ്ട്: 'എനിക്കു ദാഹിക്കുന്നു'.

ഈ ദാഹത്തെ കുറിച്ച് വിശുദ്ധ കൊച്ചുത്രേസ്യ പറയുന്നതിങ്ങനെയാണ്: ഈശോയുടെ ദാഹം ആത്മാക്കൾക്ക് വേണ്ടിയുള്ള ദാഹമാണ്. ഈശോയുടെ ഈ ദാഹം ശമിപ്പിക്കാൻ ഏറ്റവും കൂടുതൽ പരിശ്രമിച്ച വിശുദ്ധയാണ് ജെർത്രൂദ്. വിശുദ്ധ തന്റെ എല്ലാ വിശുദ്ധ കുർബാനയും, പരിത്യാഗപ്രവർത്തികളും, പ്രാർത്ഥകളും ശുദ്ധീകരണാത്മാക്കളുടെ രക്ഷക്കായി കാഴ്ചവെച്ച് അനേകം ആത്മാക്കളെ സ്വർഗ്ഗപ്രാപ്തിക്കായി സഹായിച്ചു എന്നാണ് പാരമ്പര്യം. വിശുദ്ധയുടെ ശുദ്ധീകരണാത്മാക്കളോടുള്ള സ്നേഹം കണ്ട ഈശോ അവൾക്ക് ഒരു പ്രാർത്ഥന വെളിപ്പെടുത്തികൊടുത്തു. എന്നിട്ട് പറഞ്ഞു: ഈ പ്രാർത്ഥന ഭക്തിയോടെ ചൊല്ലുന്ന ഓരോ പ്രാവശ്യവും ആയിരം ശുദ്ധീകരണാത്മാക്കൾക്ക് മോക്ഷം ലഭിക്കും. ആ പ്രാർത്ഥന നമുക്കും പഠിച്ച് ദിവസവും ചൊല്ലിയാലോ? അങ്ങനെ നമുക്കും ഈശോയുടെ ദാഹം ശമിപ്പിക്കുന്നവരാകാം.

ഈശോയുടെ സ്നേഹത്തിനായ് ദാഹിക്കുന്നവരാണ് ശുദ്ധീകരണാത്മാക്കൾ. ആത്മാക്കളുടെ രക്ഷക്കായ് ദാഹിക്കുന്നവനാണ് ഈശോ.

ഇരുവരുടേയും ദാഹമകറ്റാൻ ഈ കുഞ്ഞു പ്രാർത്ഥനകൊണ്ട് നമുക്ക് സാധിക്കും.

പ്രാർത്ഥന:– നിത്യപിതാവേ, ഇന്നേ ദിവസം ലോകമാസകലം അർപ്പിക്കപ്പെടുന്ന ദിവ്യബലികളിൽ അങ്ങേക്ക് സമർപ്പിക്കപ്പെടുന്ന അങ്ങേ തിരുക്കുമാരന്റെ തിരുരക്തം ശുദ്ധീകരണസ്ഥലത്തെ ആത്മാക്കൾക്കും, ലോകത്തിലെ എല്ലാ പാപികൾക്കും, സാർവത്രിക സഭയിലേയും, എന്റെ വീട്ടിലേയും, കുടുംബത്തിലെയും പാപികൾക്കും വേണ്ടി ഞാൻ കാഴ്ച വച്ചുകൊള്ളുന്നു.

എന്ന് സ്നേഹം നിറഞ്ഞ
**ജിന്റോ അച്ചൻ**

# *Greetings*

## HAPPY BIRTHDAY

നവംബർ മാസത്തിൽ
ജന്മദിനം ആഘോഷിക്കുന്ന
നമ്മുടെ ഇടവകയിലെ സമർപ്പിതർ



ഫാ. നവീൻ ചാലിശ്ശേരി
24/11/2024

## HAPPY FEAST

നവംബർ മാസത്തിൽ നാമഹേതുക
തിരുന്നാൾ ആഘോഷിക്കുന്ന നമ്മുടെ
ഇടവകയിലെ സമർപ്പിതർ



സി. അഞ്ജലി
പുഴക്കൽ FCC
17/11



സി. ജാൻസി
അന്തിക്കാടൻ
5/11



സി. അജീഷ
വിൻസന്റ് CMC
5/11

ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവരുടേതാണ്. (മത്താ. 5: 3)



# തിരുഹൃദയനാഥന് നന്ദി....

1. മകൾ റോസ്‌ലിറ്റിന് യു.കെ.യിലേക്കുള്ള വിസ ലഭിച്ചതിന് തിരുഹൃദയനാഥനോട് നന്ദി പറഞ്ഞുകൊണ്ട് – **വിജി മരത്താക്കര**
2. പെരിഞ്ചേരിയിൽ തന്നെ വീടും സ്ഥലവും ഒരുക്കി തന്നതിന് ഈശോയുടെ തിരുഹൃദയത്തിനോടും മാതാവിനോടും നന്ദി പറഞ്ഞുകൊണ്ട് **– ലിസി ജോൺസൺ, ഷിജി റാഫി**
3. സുഖപ്രസവത്തിലൂടെ ആൺകുഞ്ഞിനെ തന്ന് അനുഗ്രഹിച്ച ഈശോയുടെ തിരുഹൃദയത്തോട് നന്ദി പറഞ്ഞുകൊണ്ട് – **ഹണി സിന്റോ പാലക്കൽ**
4. സഹോദരന്റെ മകൾ ഏൻഡ്രിയക്ക് ജർമ്മനിയിൽ പോകാൻ സാധിച്ചതിന് തിരുഹൃദയനാഥനോട് നന്ദി പറഞ്ഞുകൊണ്ട് – **ലീന പെരിഞ്ചേരി**
5. തിരുഹൃദയത്തിനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി മകന്റെ വിവാഹം ഭംഗിയായി നടത്തി തന്നതിന് നന്ദിയും സ്തുതിയും ആരാധനയും സമർപ്പിച്ചുകൊണ്ട് – **എൽസി റപ്പായി കല്ലൂർ**
6. രോഗസൗഖ്യം നൽകി അനുഗ്രഹിച്ച തിരുഹൃദയനാഥന് നന്ദി പറഞ്ഞുകൊണ്ട് – **മേഴ്സി ഒല്ലൂർ, വിനി ഗോകുൽ കണ്ണാറ, റോസി പെരിഞ്ചേരി**
7. വിവിധ പരീക്ഷകളിൽ ഉന്നതവിജയം നൽകി അനുഗ്രഹിച്ചതിന് ഈശോയുടെ തിരുഹൃദയത്തോട് നന്ദി പറഞ്ഞുകൊണ്ട് – **ഫ്ളോറൻസ് വിനോദ് മുരിയാട്, റോഷ്ന പെരിഞ്ചേരി, ആൻ വർഗ്ഗീസ്, ലിയ പോൾസൻ, ബേബി തോമസ്**
8. മക്കൽ തമ്മിൽ ഉണ്ടായിരുന്ന വഴക്കുകൾ മാറ്റി തന്നതിന് യേശുവിനോടും പരിശുദ്ധ അമ്മയോടും കോടാനുകോടി നന്ദി പറഞ്ഞുകൊണ്ട് – **ട്രീസ ജോസ് ഒല്ലൂർ**
9. ജോലി നൽകി അനുഗ്രഹിച്ച തിരുഹൃദയനാഥന് നന്ദി പറഞ്ഞുകൊണ്ട് – **ചിന്ന തോമസ് ഇരിങ്ങാലക്കുട, ജോഷ്ന, ലിസി, അലൻ, ജോയേൽ ജോൺസൺ**



അവൻ പരിശുദ്ധാത്മാവിനാലും അഗ്നിയാലും നിങ്ങളെ സ്നാനപ്പെടുത്തും. (മത്താ. 3 : 11)

ലേഖനം

# സാത്താനെ സൂക്ഷിക്കുക

## റോക്ക് മ്യൂസിക്കും മറ്റും

ആത്മഹത്യയെയും കൊലപാതകങ്ങളെയും പ്രകീർത്തിക്കുന്ന റോക്ക് മ്യൂസിക്കിന്റെ ആരാധകരായ ചെറുപ്പക്കാർ ഇന്ന് ഏറെയുണ്ടല്ലോ. റോക്ക് മ്യൂസിക്കിൽ അധികവും സാത്താൻ സ്തുതികളാണെന്ന് ഒരു പക്ഷേ അവർ അറിയുന്നില്ലായിരിക്കാം. മൊബൈൽ ഫോണുകളിൽ റിംഗ്ടോണുകളായും റോക്ക് മ്യൂസിക് ഇടം പിടിച്ചിട്ടുണ്ട്. യുവജനങ്ങൾക്ക് പ്രിയങ്കരമായ റസ്‌ലിംഗ് പൈശാചിക ആശയങ്ങൾ പരത്താൻ പ്രയോജനപ്പെടുത്തുന്നു. കേബിൾ ടി.വിയും മറ്റും സാത്താൻ സമർത്ഥമായി ഉപയോഗിക്കുന്നുണ്ട്. ഇന്റർനെറ്റിൽ സാത്താൻ പൂജയുമായി ബന്ധപ്പെട്ട സൈറ്റുകളുണ്ട്. അനേകർ ഇതുവഴി കെണിയിൽപെടുന്നുണ്ട്.

## സാത്താനോട് അടുക്കുന്നതിന്റെ അടയാളങ്ങൾ

കുട്ടികൾ സാത്താനോട് അടുക്കുന്നതിന്റെ അടയാളങ്ങൾ മാതാപിതാക്കൾ അറിഞ്ഞിരിക്കണം. റോക്ക് മ്യുസിക് പോലുള്ള പ്രോഗ്രാമുകളിൽ അമിത താത്പര്യം, കുറ്റകൃത്യങ്ങളെ വിനോദമാക്കിയുള്ള കളികളോടുള്ള അതിരുകടന്ന മമത, മന്ത്രവാദപുസ്തകങ്ങൾ, അത്തരം കലാപ്രകടനങ്ങൾ, പ്രേത സിനിമ, ഭീകരചിത്രങ്ങൾ മുതലായവയോടുള്ള ആവേശം, തലതിരിഞ്ഞ കുരിശ്, കറുത്ത് മെഴുകുതിരി തുടങ്ങിയ സാത്താൻ സേവയ്ക്കുള്ള വസ്തുക്കൾ രഹസ്യമായി സൂക്ഷിക്കുക. കറുത്ത വസ്ത്രങ്ങളോട് അമിതമായ ആഗ്രഹം, അത്യധികമായ സ്വകാര്യത, രാത്രിയിൽ ഇന്റർനെറ്റിൽ നീണ്ട സല്ലാപം ഇവയൊന്നും ശ്രദ്ധിക്കപ്പെടാതെ പോകരുത്. മാതാപിതാക്കളോടൊപ്പം മേലധികാരികളോടും കടുത്ത എതിർപ്പ്, അമിതമായ ഭയം, സ്വയം മുറിവേൽപ്പിക്കുക, മയക്കുമരുന്നു ശീലമാക്കുക, മരിക്കാൻ താല്പര്യം, സാത്താന്റെ ഗയിമുകളോടിഷ്ടം, അസാധാരണമായ ചിരിയും അപരിചിത വാക്കുകളും, ക്രൂരമായ പെരുമാറ്റം, ചോരയോടു താല്പര്യം ഇവയെല്ലാം പരിഗണിക്കണം.

## രക്ഷപ്പെടാൻ

അറിഞ്ഞോ അറിയാതെയോ സാത്താനുമായി അടുത്തുപോയിട്ടുള്ളവർ അവനുമായുള്ള എല്ലാ ബന്ധങ്ങളും ഉപേക്ഷിക്കുന്നതായി ദൃഢപ്രതിജ്ഞ ചെയ്യുക. ദൈവസഹായം തേടുക. സാത്താനിയമായ എല്ലാ വസ്തുക്കളും ചിഹ്നങ്ങളും ഉപേക്ഷിക്കുക. ആവശ്യമെങ്കിൽ കൗൺസിലിങ്ങും

മറ്റും സ്വീകരിക്കുക. അധികമാരും ശ്രദ്ധിക്കാത്ത മറ്റൊരു തന്ത്രവും പിശാചിനുണ്ട്. തന്റെ സാന്നിധ്യം മറച്ചുവയ്ക്കാനുള്ള അസാമാന്യ കഴിവാണത്. പിശാചില്ല എന്ന് അനേകരെ വിശ്വസിപ്പിക്കാൻ അവനു കഴിയുന്നുണ്ടല്ലോ. അത് അവന്റെ വലിയൊരു വിജയമാണ്. പിശാചിന്റേത് എന്ന് തോന്നിക്കുന്ന പലപ്രകടനങ്ങളും അങ്ങനെ ആവണമെന്നില്ല. എന്നാൽ സാത്താന്റെ സാന്നിധ്യവും സ്വാധീനവും ലോകത്തിലുണ്ട് എന്നത് സത്യമാണ്. കത്തോലിക്കാസഭ എക്കാലവും ഇത് പഠിപ്പിച്ചിരുന്നു. ആധുനിക കാലത്തെ മാർപ്പാപ്പമാരെല്ലാം ഇത് ശരിവയ്ക്കുന്നു. ഫ്രാൻസീസ് പാപ്പായും ഇതിനകം അനേകം തവണ പറഞ്ഞുകഴിഞ്ഞു.

അൻപതിലധികം തവണ പിശാചിനെപ്പറ്റി പുതിയ നിയമഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടുണ്ട്. രണ്ടുദാഹരണങ്ങൾ മാത്രം ഇവിടെ ചേർക്കുന്നു. 72 ശിഷ്യന്മാർ തങ്ങളുടെ പ്രഥമ സുവിശേഷ യാത്രയ്ക്കുശേഷം തിരിച്ചുവന്ന് സന്തോഷത്തോടെ പറഞ്ഞു 'കർത്താവേ, നിന്റെ നാമത്തിൽ പിശാചുക്കൾപോലും ഞങ്ങൾക്ക് കീഴടങ്ങുന്നു.''

അപ്പോൾ കർത്താവിന്റെ മറുപടി 'സാത്താൻ സ്വർഗ്ഗത്തിൽ നിന്ന് ഇടിമിന്നൽ പോലെ നിപതിക്കുന്നതു ഞാൻ കണ്ടു' (ലൂക്കാ10:18). വി. പത്രോസ്ശ്ലീഹ എഴുതുന്നു: 'നിങ്ങളുടെ ശത്രുവായ പിശാച് അലറുന്ന സിംഹത്തെപ്പോലെ ആരെ വിഴുങ്ങണമെന്നന്വേഷിച്ച് ചുറ്റി നടക്കുന്നു. വിശ്വാസത്തിൽ അടിയുറച്ചു നിന്നുകൊണ്ട് അവനെ എതിർക്കുവിൻ' (1 പത്രോ. 5:8–9). പിശാചിനെപ്പറ്റി 'നുണകളുടെ പിതാവ്', 'ആദ്യം മുതലേ കൊലപാതകകി, 'ഈ ലോകത്തിന്റെ ഭരണാധികാരി' എന്നൊക്കെ വി. യോഹന്നാൻ ശ്ലീഹയും പറയുന്നുണ്ട്.

ശിക്ഷിക്കപ്പെട്ട മാലാഖമാരാണ് പിശാചുക്കൾ. അവർ അസൂയാലുക്കളും മനുഷ്യർക്കു കെണിയൊരുക്കുന്നവരുമാണ്. പക്ഷേ മനുഷ്യന്റെ സ്വതന്ത്രമനസ്സിനെയോ, യേശുവിന്റെ രക്ഷാകരപ്രവർത്തനത്തെയോ നശിപ്പിക്കാൻ സാത്താനു കഴിവില്ല. അതുകൊണ്ട് നാം യേശുവിനോടൊത്തായിരുന്നാൽ പിശാചിനെ ഭയപ്പെടേണ്ടതില്ല. അവിടുന്ന് തന്റെ മരണവും ഉത്ഥാനവും വഴി സാത്താന്റേമേൽ വിജയം കൈവരിച്ചിട്ടുണ്ട്. ദൈവവചനം സാത്താനെതിരെ ശക്തമായ പരിചയാണ്. അതുപോലെതന്നെ കുരിശും കുരിശടയാളങ്ങളും.

ദൈവിക സത്യങ്ങളെപ്പറ്റിയുള്ള അജ്ഞതകൊണ്ടാണ് പലരും പിശാചിനു പുറകേ പോകുന്നത്. യേശുവെന്ന പരിശുദ്ധനാമത്തിനു മുന്നിൽ പിശാചു കീഴടങ്ങുക തന്നെ ചെയ്യും. പരിശുദ്ധാത്മാവിലുള്ള നിറവും നരക സർപ്പത്തിന്റെ തലതകർത്ത പരി. കന്യാമറിയത്തിന്റെയും വി. മിഖായേൽ മാലാഖയുടെയും മദ്ധ്യസ്ഥതയും പിശാചിനോടുള്ള പോരാട്ടത്തിൽ

നമുക്ക് ശക്തി പകരും. പ്രായശ്ചിത്ത പ്രവൃത്തികളും, പാപസങ്കീർത്തനവും, സർവ്വോപരി വി. കുർബ്ബാനയും പിശാചിനെതിരെ നമ്മെ പിടിച്ചു നിർത്തും.

തൽക്കാലലാഭത്തിനുവേണ്ടി പിശാചിന് അടിമയാകരുത്. ദൈവം തന്റെ മക്കളെ കൈവിടുകയില്ല. താൽക്കാലിക തകർച്ചകൾ നമ്മെ ദൈവത്തിലേക്ക് അടുപ്പിക്കാൻ അവിടുന്ന് ഒരുക്കുന്നതാവും. അടിപതറാതെ സദാ അവിടുത്തോടൊത്തു നിൽക്കുക.

***



## തിരുഹൃദയ അനുഗ്രഹ വെള്ളി ആചരണം

**(മാസാദ്യവെള്ളി ഒഴികെയുള്ള വെള്ളിയാഴ്ചകളിൽ)**

5.45 am, 7.15 am, 6.00 pm ലദീഞ്ഞ്, പാട്ടുകുർബാന, തിരുഹൃദയ നൊവേന.
10.00 am ലദീഞ്ഞ്, പാട്ടുകുർബാന, തിരുഹൃദയ സന്ദേശം, ആരാധന, പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷകൾ, തിരുഹൃദയ നൊവേന, ദിവ്യകാരുണ്യ പ്രദക്ഷിണം, ദിവ്യകാരുണ്യ ആശീർവ്വാദം, തുടർന്ന് നേർച്ചക്കഞ്ഞി വിതരണം.

**തിരുഹൃദയ ഭക്തിയിൽ വളരാം, തിരുഹൃദയ ഭക്തിപ്രചരിപ്പിക്കാം.**



## ഉപകാരസ്മരണ

**ഈശോയുടെ തിരുഹൃദയത്തോട്**
**പ്രാർത്ഥിച്ചതിന്റെ ഫലമായി**
**ഡിഗ്രി പരീക്ഷയിൽ വിജയം നൽകി**
**അനുഗ്രഹിച്ചതിന് തിരുഹൃദയനാഥന്**
**നന്ദി പറയുന്നു.**
**ജിസ്ന**

കവിത

# അന്ത്യനിദ്രയിലാത്മാവിന്റെ തേങ്ങൽ

എന്നന്ത്യനിദ്രയിത്രയും തിടുക്കത്തിൽ
വന്നു ചേരുമെന്നൊട്ടും നിനച്ചില്ല ഞാൻ
ഞാനുണ്ടാക്കിയ ഭൂമികൾ കെട്ടിടങ്ങൾ
ലോക്കറിൽ സ്വർണ്ണവും കറൻസി കെട്ടുകൾ
കറപിടിച്ചിരിപ്പതോർത്ത് ഞാൻ തേങ്ങി
ഞാനല്പവും സ്നേഹവായ്പ് കാട്ടീടാത്ത
സോദരങ്ങളെന്നെ കാണാൻ വരുന്നതും
പലിശ കൂട്ടി ഞാൻ തട്ടി പുരയിട-
ത്തിനുടമയും വന്നു കണ്ടു ദുഃഖത്താൽ
ഗർവ്വ് കാട്ടിയതിർത്തിക്കല്ല് മാറ്റിയ-
തോർക്കാതെ വന്നയൽക്കാരനും തേങ്ങുന്നു
മദ്യപിച്ച ഞാനടികൊടുത്ത ചിലർ
ആദരവാൽ വന്ന് നമിച്ച് പോകുന്നു.
യാചകൻ വന്നപ്പോൾ പട്ടിയെവിട്ടതും
ഉത്സവപ്പിരിവൊഴിയാനൊളിച്ചതും
കള്ളൊപ്പിട്ട് കേസിൻ വിധി മാറ്റിച്ചതും
സ്വത്തെഴുതി വാങ്ങിയശേഷം പിതാവിൻ
ആവശ്യങ്ങളെല്ലാം നിരസിച്ചതും
ഗമയിൽ സ്വർണ്ണമാലയണിഞ്ഞ് കാട്ടി
അഹങ്കരിച്ചുന്മാദിച്ച് നടന്നതും
പരവശാൽ പണം വായ്പ വാങ്ങീടുവാൻ
വന്നവരെ മാനിക്കാതെ അയച്ചതും
അയല്ക്കാരന്നഭിവൃദ്ധി കണ്ടസൂയ
തരം താഴ്ത്തിപ്പറഞ്ഞതും ഞാനോർക്കുന്നു
ലൗകിക ലീലാവിലാസങ്ങൾ മോഹിച്ച്
ചാരിത്ര്യം തച്ചുടച്ച് കേമനായതും
അല്പ കാരണത്താൽ തൊഴിലിന്റെ കൂലി
വെട്ടിക്കുറച്ച് ആക്രോശിച്ചയച്ചതും
തന്റെ പിഴവിനാൽ വണ്ടിതട്ടിയെന്നാൽ
തട്ടിക്കയറിയവരെ ഓടിച്ചതും
പണമാണ് ദൈവം ഇല്ലേൽ ഒന്നുമില്ല
പണം തന്നെ മന്നനായിഹത്തിൽ വാഴ്‌വൂ
എന്നഭിമാനാൽ പറയുന്ന നേരമെ

മറന്നെൻ അകാല ചരമം വന്നു
ഇന്നറിയുന്നു ഞാ നെ ന്റേ‍ാ രോ വീഴ്ച്ചകൾ
ആത്മാവിൻ നാഥനയച്ച ദൂതഗണം
എന്നെ നോക്കി ദുഃഖമൊടെ വിട്ടുപോയി
ജീവിക്കും മനുജരെ നിങ്ങളോർക്കണം
പണമല്ല പ്രധാനം ദൈവാനുഗ്രഹം
എന്നെ നോക്കി പല്ലിളിക്കും കഴുകന്മാർ
തക്കം നോക്കി നില്ക്കുന്നെന്നെ റാഞ്ചീടുവാൻ
ഞാനിനി തിരിച്ചുവരില്ലെന്നാലും
ഞാനോർക്കുന്നിപ്പോൾ ദൈവത്തെ മറന്നതും
ചെയ്യാവുന്ന നന്മ ചെയ്യാതിരുന്നതും
അഹങ്കാരിയായപരനെ വീഴ്ത്തീതും
ഏറെയപരാധമെന്നിൽ വന്നുപോയി
ക്ഷമിക്കണെ, പൊറുക്കണെ മാപ്പപേക്ഷ
വെറും കയ്യാലിപ്പോളെൻ മടക്കയാത്ര
ഓർക്കണമോരോരുത്തരും അന്ത്യയാത്ര.

**ഫ്രാൻസീസ് മുത്തിപീടിക**
സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്

**ഇപ്പോൾ**
**"പള്ളിക്കൂദാശക്കാലം"**



**ആരാധനാവത്സരത്തിലെ അവസാനത്തെ 4 ആഴ്ചകളാണ് പള്ളിക്കൂദാശക്കാലത്തിനുള്ളത്. മിശിഹാ തന്റെ മണവാട്ടിയായ സഭയെ അവസാനവിധിക്കുശേഷം പിതാവിന് സമർപ്പിക്കുന്നതിനെ ഈ കാലഘട്ടത്തിന്റെ ആരംഭത്തിൽ തന്നെ നാം അനുസ്മരിക്കുന്നു. രക്ഷാകര സംഭവങ്ങളിലൂടെയുള്ള ആരാധനക്രമ തീർത്ഥയാത്രയിൽ സ്വർഗ്ഗമാണ് നമ്മുടെ കൺമുമ്പിൽ. അവിടെ ദൈവത്തെ സ്തുതിക്കുന്ന മാലാഖവൃന്ദത്തോടു കൂടെ നമുക്കും സ്വർഗ്ഗീയാരാധനയിൽ പങ്കുചേരാം.**

<u>പ്രാർത്ഥന</u>

**ഞങ്ങൾക്കുവേണ്ടി കാൽവരിയിൽ ജീവാർപ്പണം ചെയ്ത മിശിഹായെ ഞങ്ങളുടെ സമൂഹത്തിൽ നീ പ്രസാദിക്കുകയും സ്വർഗ്ഗരാജ്യത്തിൽ മാലാഖമാരൊത്ത് നിന്നെ സ്തുതിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യണമെ... ആമ്മേൻ.**

കവിത

# "നവംബറിന്റെ ഓർമ്മ"

നശ്വരമായ ഈ ലോക ജീവിത്തിനന്ത്യമിതാ,
നശ്വരമല്ലാത്ത പരലോകജീവിതം എന്നു സത്യം
നന്മകൾ ചെയ്തു കടന്നു പോകാൻ
നൽവരം ഞങ്ങൾക്കായി ഏകണെ താതാ
ഓർക്കുന്നു ഞങ്ങൾ ഓരോ ദിനവും
ഒരുങ്ങുന്നു ഞങ്ങൾ അങ്ങേ സന്നിധിയണയാൻ
ഓർത്തീടല്ലേ ഞങ്ങൾ തൻ പാപക്കകടങ്ങൾ,
ഒഴുക്കീടണമെ നിൻ കരുണാക്കടലിൽ.
പാപത്തിൻ ശിക്ഷ മരണമെന്നറിഞ്ഞിട്ടും ചെയ്തു,
പോകുന്നു ഞങ്ങൾ ഓരോ ദിനവും പാപങ്ങൾ
പരമപിതാവേ! പാവനാത്മാവേ!
പൊറുക്കേണമെ ഞങ്ങൾ തൻ പാപങ്ങൾ
ആത്മീയ മുറിവുകൾ ഏറ്റിടുമ്പോൾ എൻ
ആത്മാവിൻ വേദന അങ്ങേ സന്നിധിയണയുന്നുവല്ലോ,
ആത്മധൈര്യം നൽകി നേരിടാൻ ദൈവമേ,
അനുഗ്രഹിക്കൂ നിൻ പ്രിയമക്കളെ

**മേരി ജോസഫ് വീരമ്പുള്ളി**
സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്

**രചനകൾ 10-ാം തിയതിക്കു മുമ്പും, പരസ്യങ്ങൾ 20-ാം തിയതിക്കു മുമ്പും നൽകി സഹകരിക്കുവാൻ ശ്രദ്ധിക്കുക**

**പുതുക്കിയ നിരക്കുകൾ 2024 നവംബർ മുതൽ പ്രാബല്യം**

| **Black & White** | |
|---|---|
| Quarter Page | Rs. 300 |
| Catechism Students | Rs. 150 |
| Half Page | Rs. 500 |
| Full Page | Rs. 700 |
| **Multi Colour** | |
| Centre page | Rs.3,000 |
| Front Inner | Rs.2,250 |
| Back Inner | Rs.1,800 |
| Back Page | Rs.2,750 |
| Inner Page | Rs.1,500 |

ആരോഗ്യവേദി



# ആർത്തവവിരാമവും മാനസികാരോഗ്യവും

സ്ത്രീകളുടെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ടതും ബുദ്ധിമുട്ടേറിയതുമായ ഒരു ഘട്ടമാണ് ആർത്തവവിരാമം. ഇത് ഒരു സ്ത്രീയുടെ ആർത്തവ പ്രക്രിയ നിലയ്ക്കുന്നതിനെയാണ് സൂചിപ്പിക്കുന്നത്. ഇന്ത്യയിൽ ആർത്തവവിരാമത്തിന്റെ ശരാശരി പ്രായം 46 മുതൽ 48 വയസ്സുവരെ ആണ്. ആർത്തവവിരാമം ഒരു സ്ത്രീയുടെ ജീവിതത്തിലെ അനേകം മേഖലകളിൽ മാറ്റം കൊണ്ടുവരുന്നു.

ആർത്തവവിരാമകാലത്ത്, ശരീരം ഈസ്ട്രജൻ ഉൽപാദനം കുറയ്ക്കും. ഹൃദയം, ത്വക്ക്, എല്ല് എന്നിവയുടെ ആരോഗ്യത്തിന് ഈസ്ട്രജൻ അത്യന്താപേക്ഷിതമാണ്. എല്ലുകൾ കൂടുതൽ ദുർബലവും പുറംവേദനകളും തോൾ, സന്ധി വേദനകളും അനുഭവപ്പെടുന്നു. ചില സ്ത്രീകൾക്ക് ആത്മസംയമനക്കുറവ് അനുഭവപ്പെട്ടെന്നു വരാം. മിക്ക സ്ത്രീകൾക്കും ഉറക്കത്തിന് പ്രശ്നങ്ങൾ ഉണ്ടാവാറുണ്ട്. ഉറക്കം വരിക എന്നതിനും രാത്രി മുഴുവൻ ഉറങ്ങുന്നതിനും തങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ട് എന്ന് അവർ മനസ്സിലാക്കുന്നു.

ആർത്തവവിരാമ സമയത്ത് അനേകം ഹോർമോൺ മാറ്റങ്ങൾ ശാരീരികവും വൈകാരികവുമായ മാററങ്ങൾ എന്നിവയ്ക്ക് വിധേയരായെന്നു വരാം. താഴെ പറയുന്ന ചിലത് അവയിൽ ഉൾപ്പെടുന്നു.

* ക്ഷീണം; വല്ലാത്ത തളർച്ചയും ഉത്സാഹമില്ലായ്മയും ദിവസം മുഴുവൻ അനുഭവപ്പെടുന്നു.
* തടസ്സപ്പെടുത്തുന്ന ഉറക്കക്രമങ്ങൾ
* പുറത്തേക്ക് ചൂടുള്ള രക്തപ്രവാഹം, വിയർക്കുന്നതായി അനുഭവപ്പെടുക.
* മത്സരിച്ചു മിടിക്കുന്ന ഹൃദയവും മനോഭാവ ചാഞ്ചാട്ടങ്ങളും
* മാനസിക പിരിമുറുക്കം മൂലം ഉണ്ടാകുന്ന നിയന്ത്രണമില്ലായ്മ
* പുറവും ചുമലുകളും വേദനിക്കുക

ചില ദിവസങ്ങളിൽ വല്ലാതെ തളർച്ചയും നിരാശയും അനുഭവപ്പെടുന്നു. പ്രകോപനപരമായി ചില സമയത്ത് പെരുമാറുന്നു. കോപം

അല്ലെങ്കിൽ ചില സമയത്ത് ദുഃഖം, തലവേദനയും ശ്രദ്ധിക്കുന്നതിൽ പ്രയാസവും, ഉത്കണ്ഠ, പ്രകോപനപരത, ഭക്ഷണരുചിയിലോ ഉറക്കക്രമങ്ങളിലോ ഉള്ള മാറ്റങ്ങൾ എന്നിവ അനുഭവപ്പെടുന്നു. വിയർക്കുന്നതായോ അല്ലെങ്കിൽ വിറയ്ക്കുന്ന കൈകൾ ഉള്ളതായോ അനുഭവപ്പെടുക. അല്ലെങ്കിൽ ചിലപ്പോഴെല്ലാം മനോക്ഷോഭം അനുഭവപ്പെടുക. ചിലപ്പോൾ ഒരു കടുത്ത ഭീതി, ഭയം അല്ലെങ്കിൽ അപ്രതീക്ഷിതമായി കുറഞ്ഞ് 15 മിനിറ്റു നേരത്തേക്കെങ്കിലും നീണ്ടുനിൽക്കുന്ന തരം നെഞ്ചിടിപ്പ് അനുഭവപ്പെടുക എന്നിവ ഉണ്ടായേക്കാം. കാര്യങ്ങൾ ഓർമ്മിച്ചു വയ്ക്കുന്നതിനും പ്രത്യേക ചുമതലകളിൽ ശ്രദ്ധ പതിപ്പിക്കുന്നതിനും ബുദ്ധിമുട്ട് അനുഭവിക്കുന്നു എന്നുവരാം.

ആർത്തവവിരാമവുമായി സമരസപ്പെടുത്തുന്നതിന് കുടുംബത്തിൽ നിന്നുള്ള പിന്തുണസഹായകമാകുന്നു. ആർത്തവവിരാമം സ്വാഭാവികമാണെങ്കിലും ഇല്ലെങ്കിലും കുടുംബത്തിൽനിന്നുള്ള പിന്തുണയ്ക്ക് – പ്രത്യേകിച്ച് പങ്കാളിയിൽ നിന്നുള്ളതിന് – ഇത് കൊണ്ടുവരുന്ന ശാരീരികവും വൈകാരികവുമായ മാറ്റങ്ങളോട് പൊരുത്തപ്പെടുന്നതിന് സ്ത്രീയെ സഹായിക്കും.

ജീവിതശൈലിയിൽ ചില മാറ്റങ്ങൾ വരുത്തുന്നത് നല്ലതാണ്. വ്യായാമം ചെയ്യുക. ഒരിക്കലും വ്യായാമം ചെയ്തിട്ടില്ലെങ്കിൽ ആ പതിവ് തുടങ്ങുന്നതിനുള്ള നല്ല സമയമാണിത്. നിങ്ങളെ അയവുള്ള തരത്തിലും നിങ്ങളുടെ ആരോഗ്യം നിലനിർത്തുന്ന തരത്തിലും നിലനിർത്തുന്നതിന് യോഗയ്ക്കും പ്രാണായാമത്തിനും നിങ്ങളെ സഹായിക്കാൻ കഴിയും. ആവശ്യത്തിന് സൂര്യപ്രകാശം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക. നിങ്ങളുടെ ശരീരത്തിൽ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുകയാണ് എന്നു മനസ്സിലാക്കുക. അതനുസരിച്ച് നിങ്ങളുടെ പ്രതീക്ഷകൾ ഉറപ്പിക്കുക. ഭക്ഷണത്തിൽ ശ്രദ്ധ പതിപ്പിക്കുക. ചെറിയ അളവുകളിൽ ഇടയ്ക്കിടെ ആയി ഭക്ഷണം കഴിക്കുക. നാരുകൾ, പ്രകൃത്യാ ഉള്ള വിറ്റമിനുകൾ മിനറലുകൾ എന്നിവ കഴിക്കുന്നത് വർദ്ധിപ്പിക്കണം. ഏററവും പ്രധാനമായി സ്വയം പരിചരണത്തിന് സമയം എടുക്കുക. കുറച്ച് 'ഞാൻ' സമയം നീക്കി വയ്ക്കുക. നിങ്ങൾ ആസ്വദിക്കുന്ന ഏതെങ്കിലും വിനോദങ്ങളിലോ പ്രവർത്തനങ്ങളിലോ മുഴുകുക.

**ഡോ. റിനി യൂജിൻ,**
സെന്റ് സേവ്യർ യൂണിറ്റ്
Mob: 9495739194

ലേഖനം

# അറ്റുപോകുന്ന അയൽബന്ധങ്ങൾ

സാമൂഹ്യശാസ്ത്രകാരന്മാരുടെ വാക്കുകളിൽ ഇന്ത്യൻ സമൂഹത്തിന്റെ മാത്രം പ്രത്യേകതയാണ് അയൽബന്ധങ്ങൾ. ഇത്രയും വ്യത്യസ്തമായ സംസ്കാരങ്ങൾ ഒന്നിച്ചു നിലനിൽക്കുന്ന മറ്റൊരു സംസ്കാരവും ലോകത്തിലില്ല.

ഇന്ത്യയുടെ സംസ്കാരത്തിന് ഒരു തുടക്കം കണ്ടെത്താനാവില്ലെങ്കിലും വിപുലമായ ചരിത്രം അതിന് അവകാശപ്പെടാനുണ്ട്. സമൂഹത്തിലെ എല്ലാ തൊഴിലും ജനങ്ങൾക്കു വീതിച്ചു നൽകിയതിൽ നിന്നാണ് വർണവ്യവസ്ഥയും അചഞ്ചലമായ ജാതിവ്യവസ്ഥയും ഉരുത്തിരിഞ്ഞുവന്നത്. അന്നത്തെ സാമൂഹ്യബന്ധങ്ങൾ ഈ ജാതി വർണ വ്യവസ്ഥകളിൽ കുടുങ്ങി കിടക്കുന്നു. അയൽബന്ധങ്ങൾ ദൃഢമായിരുന്നെങ്കിലും തൊട്ടുകൂടായ്മ, തീണ്ടികൂടായ്മ തുടങ്ങിയ ആചാരങ്ങൾ ഈ ബന്ധങ്ങൾക്ക് പരിമിതി കൽപിച്ചിരുന്നു. എന്നാൽ, സ്വാതന്ത്ര്യസമരം നടന്നത് ബ്രിട്ടീഷ് ഭരണത്തിനെതിരെ മാത്രമായിരുന്നില്ല. ഭാരതത്തിൽ നിലനിന്നിരുന്ന സാമൂഹ്യ അസമത്വങ്ങൾക്കെല്ലാമെതിരെയായിരുന്നു. ഈ സമരമാണ് ഇന്ത്യ എന്ന ഐക്യത്തിന് കാരണം. എല്ലാ ഇന്ത്യക്കാരനും എന്റെ സഹോദരീഹോദരന്മാരാണ് എന്ന് നാം പ്രതിജ്ഞയെടുത്തു. ഏതു വർണത്തിലും ജാതിയിലും മതത്തിലും ഉൾപ്പെട്ട മനുഷ്യരെ ഉൾക്കൊള്ളാൻ നാം പഠിച്ചു. കളങ്കമറ്റ അയൽബന്ധങ്ങൾ ഭാരതത്തിൽ ഉരുതിരിഞ്ഞു. മറ്റു സംസ്ഥാനങ്ങളെക്കാളുമുപരി മലയാളി ദൈവപുത്രന്റെ വാക്കുകൾ പാലിച്ചു. ''നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക.''

ആധുനികത ജന്മം കൊണ്ടപ്പോൾ പാശ്ചാത്യസംസ്കാരത്തോട് നാം താദാത്മ്യപ്പെട്ടു തുടങ്ങി. ജാതീയതയ്ക്ക് സമാനമായി മറ്റൊരു സംസ്കാരം അപ്പോൾ രൂപപ്പെട്ടു–മുതലാളിത്ത വ്യവസ്ഥ. ചഞ്ചലമായ ഒരു വ്യവസ്ഥയായിരുന്നെങ്കിലും സമൂഹത്തിൽ വലിയ വേർതിരിവു കൊണ്ടുവരാൻ അതിനു സാധിച്ചു. ജനത തിരഞ്ഞെടുക്കുന്ന ബന്ധങ്ങൾ അവരുടെ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിലായി. വീണ്ടും നമുക്ക് വ്യക്തമായ അയൽബന്ധങ്ങൾ നഷ്ടമായി. ജാതീയത നിലനിന്നിരുന്ന കാലത്തേക്കാൾ അപരിചിതമായ ഒരു ചുറ്റുപാടാണ് ഇന്നത്തേത്. അയൽവാസി ആരാണ് എന്ന ചോദ്യത്തിന്റെ ഉത്തരം അറിയില്ല എന്നതിൽ മാത്രം കെട്ടിയിടപ്പെട്ടു.

അയൽക്കൂട്ടങ്ങൾ അപരിചിതത്വത്തിൽനിന്ന് ഉരുത്തിരിഞ്ഞു

വന്നവയാണ്. അയൽവാസികളായ ഒരു കൂട്ടം സ്ത്രീകൾ മുന്നിട്ടിറങ്ങിയാൽ ഒരു നാടുതന്നെ മാറ്റിയെടുക്കാമെന്ന് നാം മനസ്സിലാക്കിയത് അയൽക്കൂട്ടങ്ങളിൽനിന്നും കുടുംബശ്രീ യൂണിറ്റുകളിൽനിന്നുമാണല്ലോ. മനുഷ്യൻ ഒരു സാമൂഹ്യജീവിയാണ്. അവന് ഒരിക്കലും ഒറ്റക്ക് ജീവിക്കാനറിയില്ല, കഴിയില്ല. ബന്ധങ്ങൾ നഷ്ടപ്പെടുമ്പോൾ മനുഷ്യന് സ്വതസിദ്ധമായ പല ഗുണങ്ങളും അന്യാധീനപ്പെട്ടു പോകുന്നുണ്ട്. വിശ്വാസ്യത, വിനയം, സഹകരണ മനോഭാവം തുടങ്ങിയ മൂല്യങ്ങൾ കൈമോശം വരുന്നു. അത് ജീവിതത്തെ ഇടുങ്ങിയതാക്കുന്നു. സാമ്പത്തികമായ വേർതിരിവുകൾ തന്റെ വിശ്വാസങ്ങളിലേക്കും കാഴ്ചപ്പാടിലേക്കും ഒതുങ്ങി പോകാനേ പ്രേരിപ്പിക്കൂ. നഗരവത്ക്കരണം ശക്തിപ്പെടുമ്പോൾ അപരിചിതരെ അംഗീകരിക്കാനും വിശ്വസിക്കാനും നമുക്കാവാതെ വരും. അടുത്തുള്ളവനെ അറിയാതെ അകലെയുള്ളവനുമായി സൗഹൃദം സ്ഥാപിക്കാൻ സഹായിക്കുന്ന സോഷ്യൽ മീഡിയകളുമായി ചങ്ങാത്തം കൂടിയ കാലം മുതൽ നാം ആത്മബന്ധങ്ങളെയും മറന്നുപോയി.

സംസ്കാരത്തെയാണോ സാഹചര്യങ്ങളെയാണോ നാം അംഗീകരിക്കേണ്ടത്. സംസ്കാരത്തെ പുറന്തള്ളി മാറ്റങ്ങളെ മുറുകെ പിടിച്ചാൽ ഭാരതീയരെന്ന ബോധത്തിൽനിന്നും തെന്നി പാശ്ചാത്യ സംസ്കാരങ്ങളെ അനുകരിക്കാൻ മാത്രം വിധിക്കപ്പെട്ടവരാകും നാം. ഒരേ സമയം ചഞ്ചലവും അചഞ്ചലവുമായി ജീവിക്കുക ബുദ്ധിമുട്ടാണ്. എന്നിരുന്നാലും ഈയൊരവസരത്തിൽ അതനിവാര്യമാണ്. മാറ്റത്തെ നമുക്ക് സ്വാഗതം ചെയ്യാം, സംസ്കാരത്തെ മുറുകെ പിടിച്ചുകൊണ്ട്തന്നെ.

**പ്രിൻസൺ പുത്തിരി**
ദിവ്യഹൃദയം യൂണിറ്റ്

◆◆◆



## ഉപകാരസ്മരണ

**ഈശോയുടെതിരുഹൃദയത്തോട് പ്രാർത്ഥിച്ചതിന്റെ ഫലമായി എന്റെ ഭർത്താവിന് വിദേശത്ത് നല്ല ജോലിയും എന്റെ രണ്ടാമത്തെ മകളുടെ കണ്ണിന്റെ അസുഖം പൂർണ്ണമായി മാറ്റിതന്നതിനും ഈശോയുടെ തിരുഹൃദയത്തിനോട് ഒരായിരം നന്ദി പറയുന്നു.**

**ജിസ്മി ഫെബിൻ**

ചെറുകഥ

# മാനസാന്തരം

ഒരുവൻ പാപം ചെയ്യുമ്പോൾ അവൻ മരണത്തിലേക്ക് ഏറെ അടുക്കുന്നു. പാപം നമ്മെ ഈശോയിൽ നിന്ന് അകറ്റുന്നു. ഈശോയിൽനിന്ന് അകലുന്തോറും നാം കൂടുതൽ നിസ്സഹായരാകുന്നു. അങ്ങനെ ജീവിതത്തിൽ നിസ്സഹായനായ ഒരു കുട്ടിയുടെ കഥയാണ് ഇവിടെ പറയുന്നത്. അപ്പു എന്നാണ് അവന്റെ പേര്. ആദ്യകുർബാന സ്വീകരണം കഴിഞ്ഞിരുന്നുവെങ്കിലും അവൻ ഒരിക്കൽ പോലും കുമ്പസാരിക്കുകയോ വി. കുർബാനയിൽ ഭക്തിയോടെ പങ്കുകൊള്ളുകയോ ചെയ്തിരുന്നില്ല. അവന്റെ മാതാപിതാക്കളുടെ നിർബന്ധത്തിനു വഴങ്ങിയാണ് അവൻ കുർബാനയിൽ പങ്കുകൊണ്ടിരുന്നത്. അവനിൽ ദൈവഭക്തി ഉണ്ടാകുന്നതിനുവേണ്ടി അവന്റെ അമ്മനിരന്തരമായി ജപമാല ചൊല്ലി പ്രാർത്ഥിച്ചിരുന്നു. ഒരു രാത്രി അവൻ അമ്മയുമായി വഴക്കിട്ട് കിടക്കുകയായിരുന്നു. പെട്ടെന്നൊരു പ്രകാശം അവന്റെ കണ്ണുകളിൽ പതിക്കുകയും പരി. അമ്മയുടെ സാന്നിധ്യം അവന് അനുഭവപ്പെടുകയും ചെയ്തു. അമ്മ അവനോട് ഒരു വചനം അരുളിച്ചെയ്തു: ''നിനക്ക് എന്റെ കൃപ മതി എന്തെന്നാൽ ബലഹീനതയിലാണ് എന്റെ ശക്തി പൂർണമായി പ്രകടമാകുന്നത്'' (2 കോറി. 12-9). ആ വചനം അവന്റെ ഹൃദയത്തിൽ സ്പർശിക്കുകയും അവൻ മാനസാന്തരപ്പെടുകയും ചെയ്തു. പിറ്റേ ദിവസം അവൻ നേരത്തെ തന്നെ എഴുന്നേൽക്കുകയും കുമ്പസാരിച്ച് ഭക്തിയോടുകൂടി വി. കുർബാനയിൽ പങ്കുകൊള്ളുകയും ചെയ്തു. അവന്റെ അമ്മയുടെ കഠിനമായ പ്രാർത്ഥനയുടെ ഫലമായാണ് അവന്റെ മാനസാന്തരം. ഈശോ പാപത്തിന്റെയും മരണത്തിന്റെയും മേൽ വിജയം വരിച്ചതുപോലെ ഈ കൊച്ചുപയ്യനും പാപത്തിന്റെ മേൽ വിജയം വരിച്ച് ജീവിതത്തിലേക്ക് തിരിച്ചു വന്നു.

**എമിലിയ ചിരിയങ്കണ്ടത്ത്**
സെന്റ് ആന്റണീസ് യൂണിറ്റ്

കവിത

# തനിയെ പാടുന്നവർ

എന്റെ ദുരിതം തീർന്നിടുന്ന മരണ ദിനം എന്നു വരുമെൻ നാഥാ
നിന്റെ സന്നിധേ വന്നിടുന്ന എൻ മോക്ഷ ദിനം എന്നാണ് നാഥാ
എന്നെ കേൾക്കാൻ ധരണിയിൽ ആരുമില്ല നാഥാ
മരണമെന്ന വിശ്രമത്തെ ഞാൻ കാത്തിരിപ്പൂ നാഥാ
ബാല്യത്തിലെ ദുഃഖമെല്ലാം യൗവ്വനത്തിൽ
മറക്കാൻ ഞാൻ ആശിച്ചു
യൗവ്വനത്തിൽ കാത്തിരുന്നു കാലമാം വാർദ്ധക്യത്തിൽ
ഏറെ സ്നേഹവും കരുതലും ലഭിക്കുമെന്നത് മിഥ്യയായ് മാറി
ഓർക്കാൻ കഴിയാത്ത പൈതൽ കാലമാണെന്റെ സന്തോഷം
ആർക്കും വേണ്ടാത്തവന് അത്താണിയായിടും
ദൈവത്തെ തേടി ഞാനലഞ്ഞു
സ്നേഹമെന്തെന്നറിയാതെ ജീവിതമാം തടവറയിൽ
സ്നേഹത്തിൻ കുരിശുമായി എന്നരികിൽ വന്നു ഈശോ
എന്റെ രോഗ ദുഃഖ മുറിവുകളിൽ യേശുവേ
നിൻ വചനമാണ് ആശ്വാസം
നഗ്നനായി ഭൂവിൽ വന്നെനിക്കായി ഭക്ഷ്യ വിഭവമൊരുക്കി
ദൈവം
സൃഷ്ടിയാം പൊടി മിശ്രിതത്തെ വസ്തുവാക്കിയവരെ
വാഴ്ത്തിടാതെ
സൃഷ്ടാവാം രക്ഷകനായവൻ പുത്രനായ യേശുവിനെ
ഞാനാരാധിക്കും
വിത്ത് ഒന്ന് നട്ടു ഞാൻ, ഒന്നല്ല തന്നു ദൈവം ഫലങ്ങൾ
ആയിരം
തനിയെ തനിയെയാണ് ഞാനെന്ന ഭയത്താൽ
അറിഞ്ഞു ഞാൻ സകലർക്കും മേലെ സ്നേഹ-
സാഗരമാകും ഈശോയേ
മൗനമായ് വന്നീടുമ്പോൾ സ്നേഹത്തോടെ എന്നെ
സ്വീകരിക്കാൻ യേശുവേ കല്പിക്കണമെ കല്ലറയോടെങ്കിലും
വിശുദ്ധ ബലി അർപ്പിക്കും കടമയാൽ നന്ദിയോടെ
എന്നുമെന്നും എന്റെ മഹാഭാഗ്യം

**ഡേവിസ് പുത്തൂർ**
സെന്റ് ജോർജ്ജ് യൂണിറ്റ്

ലേഖനം

# വിശ്വാസത്തെ ബലഹീനമാക്കുന്ന ആഘോഷങ്ങൾ

വിശ്വാസത്തെ കൂടുതൽ വിശ്വാസാധിഷ്ഠിതവും ശക്തിദായകവും ആക്കുകയാണ് തിരുന്നാൾ ആചരണങ്ങളുടെ അന്തസത്തകൊണ്ട് ഉദ്ദേശിക്കുന്നത്. എന്നാൽ അതിന്റെ ഫലപ്രാപ്തി എവിടേക്കാണ് ജനതകളെ നയിക്കുന്നത് എന്ന് വിലയിരുത്തുവാൻ സമയം അതിക്രമിച്ചിരിക്കുന്നു. ഇസ്രായേൽ മക്കൾക്ക് ചിട്ടയായ ആചാരങ്ങളും ആചരണങ്ങളും ഉണ്ടായിരുന്നുവെങ്കിലും യേശു അതിനെ മുഴുവൻ പൊളിച്ചെഴുതി. മാനുഷിക നിയമങ്ങളേക്കാൾ കൂടുതലായി ദൈവികനിയമങ്ങൾ പാലിക്കപ്പെടാനായിരുന്നു ആ മാറ്റങ്ങൾ. നമ്മുടെ തിരുനാളുകളുടെ ഉദ്ദേശ്യം എന്താണ്? അതിന്റെ പരിണതഫലങ്ങൾ എന്താണ്? അത് വിശ്വാസികളെ എങ്ങനെ സ്വാധീനിക്കുന്നു, കർമ്മോത്സുകരാക്കുന്നു എന്നുള്ള ചിന്തപോലും മറന്നുപോകുന്ന ജനം. ആഘോഷങ്ങളിലും, ആഢംബരങ്ങളിലും, മദ്യപാനത്തിലും, വൈവിധ്യമേറിയ ഭക്ഷണക്രമങ്ങളിലും ഉൾപ്പെട്ട് അടിപൊളിയായ ആഘോഷം നടത്തപ്പെടുന്നു, ദേവാലയങ്ങളിൽ പോകുന്നു. അവിടത്തെ ആഢംബരങ്ങൾ ദർശിക്കുന്നു, എന്തെങ്കിലും നേർച്ചയിടുന്നു, പ്രതിമകളിൽ തൊട്ട് മുത്തുന്നു, അങ്ങനെ നന്നായി ആഘോഷിച്ചു എന്ന സംതൃപ്തിയും.

ആഘോഷങ്ങളിൽ കാരുണ്യത്തിന്റെ മുഖം പ്രകാശിതമാകുന്നില്ല. കാറോസൂസയിൽ കരുണയ്ക്കുവേണ്ടി പ്രാർത്ഥിക്കാറുണ്ട്. പക്ഷെ കാരുണ്യത്തിന്റെ മുഖം തെളിയിക്കാൻ പദ്ധതികൾ കുറവാണ്. അത് ചർച്ചകളിൽ പോലും ഇല്ല. ദൈവവചനങ്ങളുടെ അടിസ്ഥാനത്തിൽ ആഘോഷങ്ങൾ സംഘടിപ്പിക്കാൻ ആലോചനകളില്ല. ''നിങ്ങളുടെ ഉത്സവങ്ങളോട് എനിക്ക് വെറുപ്പാണ്. നിങ്ങളുടെ മഹാസമ്മേളനങ്ങളിൽ എനിക്ക് പ്രസാദമില്ല'' (ആമോസ് 5-21). ''സൽപ്രവർത്തികൾക്ക് പ്രേരണ നൽകാത്ത വിശ്വാസപ്രഘോഷണം അർത്ഥശൂന്യമാണ്'' (യാക്കോബ് ലേഖനം മുഖവുര). ''നീതിയും നന്മയും അനുഷ്ഠിക്കുന്നതാണ് കർത്താവിന് ബലിയേക്കാൾ സ്വീകാര്യം'' (സുഭാ. 21-3).

ജീവിതത്തെ നവീകരിക്കാതെ പാപകരമായ അവസ്ഥകളിലൂടെ കടന്നുപോയ്ക്കൊണ്ട് കാര്യസാധ്യത്തിനായി ഓടിനടക്കുന്ന ധാരാളം പേർ നമ്മുടെ ഇടയിൽ ഉണ്ട്. അത്ഭുതങ്ങളുടെ പരസ്യങ്ങൾ കണ്ട് എത്ര പ്രയാസപ്പെട്ടായാലും അവിടേക്ക് ഓടിക്കൂടുന്നവർ ധാരാളമാണ്. തങ്ങളുടെ ജീവിതം നവീകരിക്കണമെന്നും, പാപസാഹചര്യങ്ങളുടെ വഴികൾ

ഉപേക്ഷിച്ച് വിശുദ്ധിയിലേക്ക് കടന്നുവരണമെന്നും അങ്ങനെ ദൈവേഷ്ടം നിറവേറ്റി ദൈവത്തിന്റെ മകൻ, മകൾ എന്ന സ്ഥാനത്തേക്ക് ഉയരണമെന്നും, ദൈവാനുഗ്രഹമാണ് എല്ലാത്തിന്റെയും ഫലദായകമായ അവസ്ഥയെന്നുമുള്ള തിരിച്ചറിവിലേക്ക് വളരാതെ എളുപ്പത്തിൽ കാര്യം നടന്നു കിട്ടാൻ ഓടിക്കൂടുന്നവരെ കാണാം. എല്ലാ ദേവാലയങ്ങളിലും എല്ലാ സക്രാരികളിലും ജീവനുള്ള ദൈവത്തിന്റെ സാന്നിധ്യമുണ്ട്. അത് വിശ്വസിക്കാനുള്ള പക്വത പ്രാപിക്കാതെ, വ്യക്തിപരമായ പ്രാർത്ഥനകൾക്ക് പ്രാധാന്യം നൽകാതെ ആവശ്യസാധ്യത്തിനുവേണ്ടി ഓടിക്കൂടുന്ന ലാഭക്കച്ചവടമായി വിശ്വാസത്തെ തരം താഴ്ത്തരുത്. ദൈവത്തിന്റെ രാജ്യവും നീതിയും അന്വേഷിക്കുമ്പോൾ നമ്മെ ദൈവമക്കളായി സ്വീകരിച്ചുകൊണ്ട് നമ്മുടെ ആവശ്യങ്ങളിൽ ഇടപെടാൻ സദാസന്നദ്ധനായ ദൈവം നമുക്കുവേണ്ടി കാത്തിരിക്കുന്നുണ്ട്. നാം ആത്മാർത്ഥമായി വിശ്വസിച്ച് പ്രാർത്ഥിക്കുമ്പോൾ നമുക്കുവേണ്ടി സഹായകനായ പരിശുദ്ധാത്മാവ് അവാച്യമായ നെടുവീർപ്പുകളാൽ നമുക്കുവേണ്ടി മാദ്ധ്യസ്ഥം പ്രാർത്ഥിക്കുന്നുണ്ട്.

സഭയിലെ തിരുനാളുകളും ബാഹ്യമായ ആചരണങ്ങളും നമ്മുടെ ആത്മീയതയെ ഉത്തേജിപ്പിക്കാൻ ലക്ഷ്യമിട്ടുള്ളതാണ്. ഇന്ന് അത് ഒരാഘോഷം എന്ന നിലയിലേക്ക് തരംതാണുകൊണ്ടിരിക്കുന്നു. ജീവിതത്തിൽ എന്തെങ്കിലുമൊരു ആഘോഷം വേണമല്ലോ എന്നതാണ് ചിന്താഗതി. ഇങ്ങനെയുള്ള അടിപൊളിയാക്കാൻ യത്നിക്കുന്നതിന് സമാനമായി അമ്പതുശതമാനമെങ്കിലും കാരുണ്യപ്രവർത്തനങ്ങൾക്ക് മുൻതൂക്കം കൊടുക്കുമായിരുന്നെങ്കിൽ അത് ദൈവേഷ്ടപ്രകാരമായ ആചരണങ്ങളായി പരിഗണിക്കപ്പെടുമായിരുന്നു. തിരുനാൾ ഉത്സവങ്ങളും ആചരണങ്ങളും ദൈവത്തിന് പ്രീതികരമായ അവസ്ഥയാക്കി മാറ്റാമായിരുന്നു. ബാഹ്യമായ മോടികൾക്ക് പ്രാധാന്യം നൽകുകയും ആഴത്തിലേക്കിറങ്ങി ദൈവിക പദ്ധതിയുടെ സാരാംശത്തിലേക്ക് പ്രവേശിച്ച് സത്തയെ പ്രബലമാക്കുകയും ചെയ്യുന്ന പദ്ധതികൾ തടയപ്പെടുകയും ചെയ്യുമ്പോൾ ദൈവത്തിന് ഇഷ്ടപ്പെടാത്ത ആചരണങ്ങളായി അധഃപതിക്കുന്നു.

വിശുദ്ധ ആചരണങ്ങൾ വിശുദ്ധിയിലേക്ക് വളരാനും കാരുണ്യത്തിന്റെ പദ്ധതികൾ നടപ്പാക്കാനും ഉള്ളതായി രൂപാന്തരപ്പെടണം. ഇപ്പോഴത്തെ തിരുനാളുകളിൽ കടന്നു കൂടുന്ന നിരവധി മ്ലേച്ഛതകളും, എതിർസാക്ഷ്യങ്ങളും എല്ലാവർക്കും അറിവുള്ളതാണ്. ദൈവവചനങ്ങൾക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ട് ആചരണങ്ങൾ വിശുദ്ധിയുള്ളതാക്കാൻ, ദൈവത്തിനിഷ്ടപ്പെട്ടതാക്കാൻ സാധ്യമാകട്ടെയെന്ന് ആശംസിക്കുന്നു.

**ഫ്രാൻസീസ് മുത്തിപീടിക**
സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്

ലേഖനം

# സ്വയം ശുദ്ധീകരിക്കാനും ശുദ്ധീകരണാത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കാനും

മരണത്തെയും മരണാനന്തര ജീവിതത്തെയും കുറിച്ച് ധ്യാനിക്കുവാനും മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും തിരുസഭാമാതാവ് നമ്മെ ഓർമ്മപ്പെടുത്തുന്നു നവംബർ മാസം. സഭാപ്രസംഗകന്റെ പുസ്തകം 11:9 ലും 12:7 ലും നാം വായിക്കുന്നു. ദൈവം നിന്നെ ന്യായവിധിക്കായ് വിളിക്കും. ആത്മാവ് തന്റെ മാതാവായ ദൈവത്തിലേക്ക് തിരിച്ചുപോവുകയും ചെയ്യും. മരണമെന്ന ഈ യാഥാർത്ഥ്യത്തെ പുല്കി കഴിയുമ്പോൾ സ്വർഗ്ഗത്തിലേക്ക് പ്രവേശിക്കുന്നതിനുമുമ്പ് എല്ലാ ആത്മാക്കളും തന്നെ എത്തിച്ചേരുന്നിടമാണ് ശുദ്ധീകരണസ്ഥലം. വെളി. 2:27 കുഞ്ഞാടിന്റെ ജീവഗ്രന്ഥത്തിൽ പേരെഴുതപ്പെട്ടവർ മാത്രമേ അതിൽ പ്രവേശിക്കൂ. അശുദ്ധമായതൊന്നും മ്ലേച്ഛതയും കൗടില്യവും പ്രവർത്തിക്കുന്ന ആരും അതിൽ പ്രവേശിക്കുകയില്ല. മ്ലേച്ഛതയും കൗടില്യവും പ്രവർത്തിക്കുന്നവർ എത്തിച്ചേർന്ന, ഏറ്റവും കഠിനമായ വേദന അനുഭവിക്കേണ്ടിവരുന്ന അഗ്നി തടവറയാണ് ശുദ്ധീകരണസ്ഥലം.

ദൈവത്തിൽനിന്ന് അകന്നിരിക്കുന്ന ശുദ്ധീകരണാത്മാക്കളുടെ ഏറ്റവും വലിയ ദാഹം സർവ്വശക്തിയോടുംകൂടെ ദൈവത്തെ പ്രാപിക്കുക എന്നുള്ളതാണ്. ഭൂമിയിൽനിന്നുയരുന്ന നമ്മുടെ ത്യാഗത്തോടെയുള്ള പ്രാർത്ഥനകളും ബലിയർപ്പണവും ദൈവവചനം അനുസരിച്ചുള്ള ജീവിതവും ആത്മാക്കളെ നിത്യരക്ഷയിലെത്താൻ, ദൈവത്തെ പ്രാപിക്കുവാൻ സഹായിക്കുന്നത് എന്നുള്ള നമ്മുടെ വിശ്വാസമാണ് ശുദ്ധീകരണാത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ നമ്മെ സഹായിക്കേണ്ടത്. നാം ശുദ്ധീകരണാത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു.

വി. മത്തായിയുടെ സുവിശേഷം 25-ാം അധ്യായത്തിൽ അന്ത്യവിധിയെ കുറിച്ചുള്ള ഭാഗത്ത് ഈശോ തന്നെ പറയുന്നുണ്ട്. *''എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തു കൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തുതന്നത്'' (മത്താ. 25:40)*. വി. ഫൗസ്റ്റീനായുടെ ഡയറി കുറിപ്പിലും ഇതേക്കുറിച്ച് പറയുന്നുണ്ട്. ശുദ്ധീകരണസ്ഥലത്ത് അടയ്ക്കപ്പെട്ടിരിക്കുന്ന ആത്മാക്കളെ ഇന്ന് എന്റെ അടുക്കൽ കൊണ്ടുവരിക. കരുണാസാഗരത്തിൽ അവരെ മുക്കിയെടുക്കുക. ഈ ആത്മാക്കളെ ഞാൻ വളരെയധികം സ്നേഹിക്കുന്നു. എന്റെ നീതിക്ക് സാക്ഷ്യം വഹിക്കുന്നവരാണവർ. അവർക്ക് ആശ്വാസം നൽകുവാനുള്ള

ശക്തി നിങ്ങളിലാണ് (വി. ഫൗസ്റ്റീന 1226).

ശുദ്ധീകരണാത്മാക്കൾക്ക് സ്വയം പുണ്യം ചെയ്ത് സ്വർഗം പ്രാപിക്കുവാൻ സാധിക്കില്ല. അതുകൊണ്ട് നമ്മുടെ സഹായം അവർക്ക് കൂടിയേതീരൂ. വി. ഫൗസ്റ്റീന തന്റെ അനുഭവം ഡയറിക്കുറിപ്പിലൂടെ പങ്കുവെയ്ക്കുന്നുണ്ട്. ആർക്കെല്ലാം വേണ്ടി പ്രാർത്ഥിക്കണം എന്ന് വി. ഫൗസ്റ്റീന ഒരിക്കൽ ഈശോയോട് ചോദിച്ചപ്പോൾ സ്വപ്നത്തിലൂടെ ഈശോ മറുപടി നൽകി. രാത്രി എന്റെ കാവൽമാലാഖയെ ഞാൻ കണ്ടു. തന്നെ അനുഗമിക്കുവാൻ അദ്ദേഹം ആവശ്യപ്പെട്ടു. ഒരു നിമിഷനേരം കൊണ്ട് തീ നിറഞ്ഞതും പുകകൊണ്ട് മൂടിയതുമായ ഒരു സ്ഥലത്ത് ഞാൻ എത്തി. അവിടെ പീഡയനുഭവിക്കുന്ന അനേകം ആത്മാക്കളെ ഞാൻ കണ്ടു. അവർ വളരെ തീക്ഷ്ണതയോടെ പ്രാർത്ഥിക്കുന്നുണ്ടായിരുന്നു. എന്നാൽ അത് അവർക്ക് യാതൊരു പ്രയോജനവും ചെയ്തിരുന്നില്ല. നമുക്ക് മാത്രമേ അവരെ സഹായിക്കാൻ സാധിക്കുമായിരുന്നുള്ളൂ.

ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കളെ മാതാവ് സന്ദർശിക്കുന്നത് ഞാൻ കണ്ടു. സമുദ്രതാരം എന്നാണ് മാതാവിനെ ആത്മാക്കൾ വിളിച്ചിരുന്നത്. അമ്മ അവർക്ക് സമാശ്വാസം നൽകുന്നു. (വി. ഫൗസ്റ്റീന 20).

എല്ലാ ദിവസവും പല പ്രാവശ്യം നാം ചൊല്ലുന്ന പ്രാർത്ഥനയാണ് ''ഓ, എന്റെ ഈശോ ഞങ്ങളുടെ പാപങ്ങൾ പൊറുക്കണമേ. നരകാഗ്നിയിൽ നിന്നും ഞങ്ങളെ രക്ഷിക്കണമേ. എല്ലാ ആത്മാക്കളെയും വിശിഷ്യ അങ്ങേ സഹായം കൂടുതൽ ആവശ്യമുള്ളവരേയും സ്വർഗ്ഗത്തിലേക്കാനയിക്കണമേ.'' ഫാത്തിമായിൽ വച്ച് ലൂസി, ജസീന്ത, ഫ്രാൻസീസ് എന്നീ കുട്ടികൾക്ക് മാതാവ് പഠിപ്പിച്ചു കൊടുത്ത പ്രാർത്ഥനയാണിത്. ലൂസിയും ജസീന്തയും സ്വർഗ്ഗത്തിൽ പോകുമോ എന്ന് ചോദിച്ചപ്പോൾ പോകും എന്ന് മാതാവ് പറഞ്ഞു: "She has stay in purgatory until the end of the world.''

നമ്മുടെ ഇടവകകളിൽനിന്നും കുടുംബങ്ങളിൽ നിന്നും മരണമടഞ്ഞവരെ പ്രാർത്ഥനാപൂർവ്വം അനുസ്മരിക്കാം. മരണമടഞ്ഞ മാതാപിതാക്കൾ, സഹോദരീ സഹോദരങ്ങൾ എല്ലാവർക്കും വേണ്ടി പ്രാർത്ഥിച്ച് ദണ്ഡവിമോചനങ്ങൾ പ്രാപിക്കാം. അനുദിനമുള്ള നമ്മുടെ പ്രാർത്ഥനകളും ബലിയർപ്പണവും ത്യാഗങ്ങളും സുകൃതങ്ങളുമെല്ലാം അവർക്കായി സമർപ്പിക്കാം. സ്വർഗ്ഗമാകുന്ന ലക്ഷ്യത്തിൽ നാം എത്തുമ്പോൾ നമ്മെ എതിരേൽക്കാൻ സ്വർഗീയ വൃന്ദങ്ങളോടൊപ്പം നമ്മുടെ പ്രാർത്ഥകളിലൂടെ സ്വർഗ്ഗത്തിലെത്തിയ ആത്മാക്കളും അണിനിരക്കുന്നത് ഭാവനയിൽ ദർശിക്കാം, വിശ്വസിക്കാം.

**ക്രൈസ്റ്റ് കിങ്ങ് കോൺവെന്റ്**
പെരിഞ്ചേരി

# തിരുനാൾ ആശംസകൾ





തിരുഹൃദയ തീർത്ഥാടന
കേന്ദ്രം, പെരിഞ്ചേരി

# സ്വർഗ്ഗീയ കുസുമങ്ങൾ

2023 നവംബർ 1 മുതൽ
2024 ഒക്ടോബർ 31 വരെ



കണ്ണംമ്പുഴ വള്ളൂപ്പാറ
അന്തോണി ജോൺസൺ
11.11.23



അരിമ്പൂര് മുത്തിപ്പീടിക
ഫ്രാൻസിസ് റോസി
14.11.23



വേലുക്കാരൻ റപ്പായി
ജോയ്
22.11.23



കണ്ണംമ്പുഴ വള്ളൂപ്പാറ
തോമ മാത്യു
16.12.23



മുത്തിപ്പീടിക ദേവസ്സി
ഫ്രാൻസിസ്
13.01.24



അരിമ്പൂര് മുത്തിപ്പീടിക
അന്തോണി ഷാജു
16.01.24



കണ്ണംമ്പുഴ വള്ളൂപ്പാറ
തോമ ജോർജ്ജ്
18.01.24



മാളിയേക്കൽ
പള്ളിപ്പുറത്തുകാരൻ
യേശുദാസ് അഗസ്റ്റിൻ
02.02.24



ചാലിശ്ശേരി വറീത്
സെലീന
06.03.24



ഇടപ്പിള്ളി ജോസഫ്
റപ്പായി
11.03.24



മാളിയേക്കൽ കൂടലി
ഔസേഫ് കൊച്ചുമറിയം
19.03.24



കുറ്റിക്കാട്ട് പൊറിഞ്ചു
കൊച്ചുത്രേസ്യ
20.03.24



കോലഞ്ചേരി ദേവസ്സി
ജോസഫ്
27.03.24



തെക്കിനിയത്ത് മുളങ്ങൻ
റാഫേൽ ജെസ്സി
11.04.24



തെക്കിനിയത്ത് കുഞ്ഞാമര
സെബിൻ അഭിനവ്
16.04.24



വടക്കേത്തല റപ്പായി
മേരി
01.05.24



കണ്ണംമ്പുഴ വള്ളൂപ്പാറ
തോമ ഏല്യ
03.05.24



പുലിക്കോട്ടിൽ തോമ
ജോണി
02.06.24



കുരുതുകുളങ്ങര പെല്ലിശ്ശേരി
ദേവസ്സി സൂസി
13.06.24



ചിറയത്ത് ഈനാശു
വിൽസൻ
16.07.24



കുരുതുകുളങ്ങര അക്കര
ജോസ് ഫെസ്റ്റിൻ
28.07.24



മുത്തിപീടിക ഔസേപ്പ്
മേരി
29.07.24



തെക്കിനിയത്ത് ഔസേപ്പ്
ഷാജു
06.08.24



മഠത്തിങ്കൽ ജോസഫ്
മേരി
08.09.24



ആലപ്പാട്ട് പൊന്തേക്കൻ
ലോനപ്പൻ മേരി
11.09.24



ചൊവ്വല്ലൂർ മത്തായി
ജോസ്ഫീന
18.09.24



തേറാട്ടിൽ കല്ലൂക്കാരൻ
വറീത് ബേബി
27.09.24



കുരുതുകുളങ്ങര മൂലപറമ്പിൽ
ജോണി സെലീന
12.10.24



തേറാട്ടിൽ കല്ലൂക്കാരൻ
റപ്പായി വറീത്
24.10.24

# KCYM PERINCHERY

## കൊന്ത മത്സരം



1st

ST GEORGE UNIT

Valluppara
Babu John & Family



2nd

ST JUDE UNIT

Sibi Kallukaran



3rd

MARYMATHA UNIT

SH Stores
Vallachira

## കുഞ്ഞി മറിയം



1st

JEWEL JELSON

KOKKEN BUILDERS BAY
The Complete Gypsum Plastering Solution



2nd

THERESA JENSON



3rd

EDRINA ROBIN

ROYAL WEDDING PLANNERS PERINCHERY

പ്രോത്സാഹന സമ്മാനങ്ങൾ

HOME BAKER
Perinchery, Thrissur
8129240641, 8086434531



2nd

AGNA SHINTO

Chiramel Theetayi
Paulose Jose

“പറഞ്ഞാൽ വിശ്വസിക്കാനാവാത്ത ഒരു പ്രവർത്തി നിങ്ങളുടെ നാളുകളിൽ ഞാൻ ചെയ്യാൻ പോകുന്നു” (ഹബകുക്ക് 1 : 5)

31 -ാമത്

# ദൈവശബ്ദം 2024

# കൃപാഗ്നി



## ബൈബിൾ കൺവെൻഷൻ

**നവംബർ 13 മുതൽ 17 വരെ**
**9 am to 4 pm**
**5 pm to 9 pm**

